ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

തീയതി 29.12.2017

# താമരശ്ശേരി ചുരം പണി പുരോഗതിയിൽ : മന്ത്രി ജി.സുധാകരൻ

ദേശീയപാത 766 ൽ കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന താമരശ്ശേരി ചുരത്തിലെ റോഡിലെ മുടിപ്പിൻ വളവുകളുടെ അടിയന്തിര അറ്റകുറ്റപ്പണിക്ക് 79 ലക്ഷം രൂപയുടെ ഭരണാനുമതി പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം നൽകിയരുന്നു. എന്നാൽ ടെണ്ടർ നടത്തിയപ്പോൾ രണ്ടു തവണയും പ്രതികരണമില്ലാതിരിക്കുകയും, മൂന്നാം തവണയിലെ ടെണ്ടറിൽ ഒരാൾ മുന്നോട്ട് വരികയുമായിരുന്നു. പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള എല്ലാ ഔദ്യോഗിക നടപടികളും പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിക്കുകയും ഇക്കഴിഞ്ഞ 27 മുതൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

പ്രവൃത്തി ചെയ്യുന്നതിനുള്ള സഹായങ്ങൾ ചെയ്യുന്നതിനു പകരം, ഏതാനും വ്യക്തികൾ പണി തടയുന്നതിനു ശ്രമിച്ചതായി മനസ്സിലാക്കുന്നു. അമിതഭാരം കയറ്റിയ വാഹനങ്ങൾ കർശനമായി നിരോധിക്കുകയും മറ്റു ചെറുകിട വാഹനങ്ങൾ മാത്രം പോകുന്ന രീതിയിൽ നിയന്ത്രിക്കുകയും ചെയ്താൽ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാവുമെന്നും, ഇതിനായി ജില്ലാ കളക്ടർ ഉൾപെടെയുള്ളവരുടെ സഹായം ഉണ്ടാകണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. വാഹനങ്ങൾ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാര്യങ്ങളല്ലാത്തതിനാൽ ഇതുൾപ്പെടെയുള്ള വിഷയങ്ങൾ ജില്ലാ കളക്ടർ, എം.എൽ.എമാർ എന്നിവരുമായി ചർച്ച ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കമലവർദ്ധന റാവുവിനെ ചുമതലപ്പെടുത്തിയതായും ജനുവരി മൂന്നിന് യോഗം ചേരുമെന്നും മന്ത്രി അറിയിച്ചു.

ഇതു കൂടാതെ കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയം അനുമതി നൽകിയ 19.75 കോടിയുടെ ട്രാഫിക് സേഫ്റ്റി പ്രവൃത്തിയിൽ 3,5 വളവുകൾ വീതികൂട്ടി സംരക്ഷണഭിത്തി നിർമ്മാണവും റോഡ് ഉപരിതലത്തിൽ ടാറിംഗ് പ്യൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വനംഭൂമി ലഭിക്കുന്നതിനുള്ള കാലതാമസവും ഉണ്ട്. ഈ അനുമതി കേന്ദ്രത്തിൽ നിന്നും ലഭിച്ചാൽ 2,4,9 വളവുകളിൽ ചെയ്തതു പോലെ ഇന്റർലോക്ക് കട്ടകൾ ഉപയോഗിച്ച് 3,5 വളവുകൾ കൂടി പുനരുദ്ധരിക്കാനാവുമെന്നും, പൊതുമരാമത്ത് വകുപ്പിൽ ഇക്കാര്യത്തിൽ മറ്റു തടസ്സങ്ങളോ കാലതാമസമോ ഉണ്ടായിട്ടില്ലെന്നും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ ജനങ്ങളുടെ സഹകരണം കൂടി ഉണ്ടാകണമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.